# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 953 30.11.2018 -ലെ മറുപടി

### നദികളുടെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.വിൻസെന്റ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ നദികളുടെ പുനരുദ്ധാരണം സംബന്ധിച്ച് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) അതിതീവ്ര മഴയുണ്ടാകുമ്പോൾ വെള്ളം കായലിലേക്ക് ഒഴുകുന്ന വിധത്തിൽ നദികളുടെ വീതിയും ആഴവും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഇത് സംബന്ധിച്ച് പാരിസ്ഥിതിക പഠനം നടത്തിയാലേ ഇവ പ്രായോഗികമാണോ എന്ന് പറയാൻ കഴിയുകയുള്ളു. |
| (സി) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കത്തിന്റെ പ്രധാന കാരണം ആമയിഴഞ്ചാൻ തോടിൽ എക്കലും മാലിന്യവും അടിഞ്ഞ് വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ പ്രസ്തുത തോടിലെ എക്കലും മാലിന്യവും നീക്കി വെള്ളപ്പൊക്ക ഭീഷണി തടയുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) യും (ഡി) യും | വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോടിനെയും അനുബന്ധ തോടുകളെയും കരമന, കിള്ളിയാർ എന്നീ നദികളെയും ചേർത്ത് ഒരു സമഗ്ര പദ്ധതി RITES - ന്റെ പഠനത്തിന് അനുസൃതമായി തയ്യാറാക്കി വരികയാണ്. ഇതിൽ ആമയിഴഞ്ചാൻ തോടിൽ ഉള്ള മണ്ണും എക്കലും നീക്കം ചെയ്യാനുള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ